കുടിവെള്ള സുരക്ഷയ്ക്കായി ടെക്നോപാർക്ക് ഇൻക്യുബേറ്റർ

തിരുവനന്തപുരം: ലോക പരിസ്ഥിതി ദിനമായ ഇന്നു കുടിവെള്ള സുരക്ഷയെ മുൻനിർത്തി ടെക്നോപാർക്ക് ബിസിനസ് ഇൻകുബേറ്റർ പ്രത്യേക പദ്ധതി നടപ്പിലാക്കും. ടെക്നോപാർക്ക് ഇൻകുബേറ്റഡ് കമ്പനിയായ ഐഡിയൽ സേഫ്റ്റി സിസ്റ്റംസ് വികസിപ്പിച്ചെടുത്ത കുപ്പികളിൽ നിറച്ച സൊല്യൂഷൻ ടെക്കികൾക്കായി വിതരണം ചെയ്തുകൊണ്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഓരോ ബോട്ടിൽ സൊല്യൂഷനും ടെക്കികൾ നൽകുന്ന 30 രൂപ ഉപയോഗിച്ചു മലിനവും കുടിവെള്ള ദൗർലഭ്യവും അനുഭവിക്കുന്ന സ്ഥലങ്ങളിൽ ഈ സൊല്യൂഷൻ സൗജന്യമായി വിതരണം ചെയ്യും. 30 രൂപയ്ക്ക് വാങ്ങാൻ കഴിയുന്ന സൊല്യൂഷൻ ജലസംഭരണികളുള്ള വീടുകളിൽ 500 ലിറ്റർ ജലം ശുദ്ധീകരിക്കാൻ ഈ സൊല്യൂഷൻ സാധിക്കുമെന്നു കമ്പനി അധികൃതർ അറിയിച്ചു. സാമൂഹിക ക്ഷേമം, മാലിന്യ നിർമാർജനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനം നടത്തുന്ന കേരള സർക്കാർ അംഗീകാരമുള്ള ടെക്നോപാർക്ക് ഇൻക്യുബേറ്റഡ് കമ്പനിയാണ് ഐഡിയൽ സേഫ്റ്റി സിസ്റ്റംസ്.

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി സഹകരിച്ച് ടെക്നോപാർക്ക് ഇൻകുബേറ്റ് ചെയ്ത കമ്പനിയായ ഐഡിയൽ സിസ്റ്റം സാമൂഹിക ക്ഷേമം മുൻനിർത്തി രൂപവൽക്കരിക്കുന്ന ആശയങ്ങൾ പ്രാവർത്തികമാക്കാനാണ് ശ്രമിക്കുന്നതെന്നും ടെക്നോപാർക്കിന്റെ സാമൂഹിക പ്രതിബദ്ധതയ്ക്ക് ഇങ്ങിനെയുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹമാകുമെന്നും ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ജി.ഗിരീഷ് ബാബു അഭിപ്രായപ്പെട്ടു.

ഡെങ്കിപ്പനിയും, മലേറിയയും, ടൈഫോയിഡും, എച്ച് വൺ എൻവൺ പനിയുമൊക്കെ ബാധിക്കുന്ന മഴക്കാലത്ത് ടെക്നോപാർക്ക് തുടക്കം കുറിച്ച കമ്പനിയുടെ സാമൂഹിക ക്ഷേമത്തിനായുള്ള ശ്രമം വിലമതിക്കത്തക്കതാണെന്ന് ടെക്നോപാർക്കിൽ വിതരണോത്ഘാടനം നിർവഹിച്ചു കൊണ്ട് ഇൻകുബേഷൻ കേന്ദ്രം മേധാവി ഡോ: കെ.സി. ചന്ദ്രശേഖരൻനായർ പറഞ്ഞു.



തിരുവനന്തപുരം-ഹോളി ഏഞ്ചൽസ് സ്കൂളിലെ സീൻസ് ഇക്കോ കൃഷിപാഠം കുട്ടികളുടെ തുവെള്ളക്കുടയിൽ ഒപ്പുചാർത്തി ഭൂമികേരളസന്ദേശം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആശംസിക്കുന്നു.

ഭൂമികേരളത്തിന് മുഖ്യമന്ത്രിയുടെ കൈയൊപ്പ്

തിരുവനന്തപുരം: കനകക്കുന്നിൽ കുട്ടികളുടെ കുട വിസ്മയം സാക്ഷിയാക്കി കൃഷിമന്ത്രി കൃഷിപാഠം - പരിസ്ഥിതിദിനാഘോഷം ഉദ്ഘാടനം ചെയ്തു. കൃഷിപാഠം കുട്ടികളുടെ തുവെള്ളക്കുടയിൽ ഒപ്പുചാർത്തി ഭൂമികേരളസന്ദേശം മുഖ്യമന്ത്രി ആശംസിച്ചു. അഗ്രിഫ്രണ്ട്സ് കൃഷിസാംസ്കാരിക വേദി കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച ഹരിതയാനത്തിന്റെ തുടർസാക്ഷാത്ക്കാരമെന്നോണമാണ് ഭൂമി ചൂഷണം കുറയ്ക്കാം ഭൂമി സംരക്ഷിക്കാം നല്ല ഭക്ഷണം ശീലിക്കാം എന്ന സന്ദേശവുമായി കനകക്കുന്നിലെ പുൽപ്പരപ്പിൽ വൈകുന്നേരം മൂന്നു മണിക്ക് വിളംബരം ചെയ്യപ്പെടുന്നത്. ഹോളി ഏഞ്ചൽസ് സീൻസ് ഇക്കോ ക്ലബ്ബ് കോ-ഓർഡിനേറ്റർ അധ്യാപിക ശ്രീലതയും കുട്ടികളും മുഖ്യമന്ത്രിയുടെ ചേംബറിലെത്തിയാണ് ഹരിതകുട സന്ദേശം ഏറ്റുവാങ്ങിയത്. ഈ കുടചൂടി കൃഷി മന്ത്രി ഒരു ഫലവൃക്ഷത്തൈ കനകക്കുന്ന് വളപ്പിൽ നടും. ടൂറിസം മന്ത്രി എ.പി. അനിൽകുമാറും കെ. മുരളീധരനും മുഖ്യാതിഥികളായിരിക്കും. മതിൽക്കെട്ടുകളിലൊതുങ്ങാതെയും ഉച്ചരാഷിണിയിൽ ശബ്ദമലിനീകരണം സൃഷ്ടിക്കാതെയും നഗസമ്പാദരായി പ്രകൃതിയിലേക്കിറങ്ങുന്ന വിവിധ സ്കൂളുകളിലെ കൃഷിപാഠം കുട്ടികൾ കുടചൂടി ഭൂമിസംരക്ഷണപ്രതിജ്ഞയും എടുക്കും. അതോടൊപ്പം കഴിഞ്ഞവർഷം മികച്ച പരിസ്ഥിതി പ്രവർത്തനം കാഴ്ചവച്ച സ്കൂളുകൾക്കും അധ്യാപകർക്കും വിദ്യാർഥികൾക്കും അഗ്രിഫ്രണ്ട്സ് ഹരിതപത്രവും സമ്മാനിക്കും.

കർഷകരുടെ മുഖാമുഖം പരിപാടി

തിരുവനന്തപുരം: സംസ്ഥാന കൃഷി വകുപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, കാർഷിക സർവകലാശാല, സി.ടി.സി.ആർ.ഐ., ഐ.സി.എ.ആർ., തുടങ്ങി വിവിധ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന സോയിൽ ബേസ്ഡ് പ്ലാന്റ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ പദ്ധതിയുടെ ഭാഗമായി ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ കർഷകരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന കൃഷിവകുപ്പ് ഇന്നു തിരുവനന്തപുരം സമേതിയിൽ കർഷകരുടെയും കാർഷിക വിദഗ്ധരുടെയും ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെയും മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം കൃഷി മന്ത്രി കെ.പി.മോഹനൻ നിർവഹിക്കും.

ഗൾഫ് മേഖലയിലെ പ്രശ്നം പരിഹരിക്കാൻ കേന്ദ്രം ഇടപെടണം: പിണറായി

തിരുവനന്തപുരം: ഗൾഫ് മേഖലയിലെ ഇന്ത്യക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

കുവൈറ്റിലെ പുതിയ സ്വദേശിവൽക്കരണ നടപടിയുടെ ഭാഗമായി പ്രതിവർഷം ഒരുലക്ഷം പേരെ വച്ച് മടിവാക്കുന്ന നടപടി ആരംഭിച്ചിരിക്കുന്നത് വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നാഴ്ചയായി ഫോറിസ് കർശന പരിശോധനകളേർപ്പെടുത്തി നിരവധി ഇന്ത്യക്കാരെ നിർബന്ധപൂർവം നാട്ടിലേക്ക് അയച്ചിരിക്കുന്നത് ആശങ്ക ഉയർത്തുന്നു. ഈ സാഹചര്യത്തിൽ കുവൈറ്റിലുള്ള മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെടുന്നതിന് കേന്ദ്ര സർക്കാരിന് കഴിയണം. ഗൾഫ് മേഖലയിലെ ഇന്ത്യക്കാരിൽ മുരിപക്ഷവും കേരളീയരാണെന്ന വസ്തുത കണക്കിലെടുത്ത് ഇതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന സർക്കാരും തയാറാകണമെന്നും പിണറായി ആവശ്യപ്പെട്ടു.

ഗവാഹ് അന്താരാഷ്ട്ര ഡോക്ക്യുമെന്ററി ഫെസ്റ്റിവലിൽ

തിരുവനന്തപുരം : തിരുവനന്തപുരത്ത് നടക്കുന്ന കേരള അന്താരാഷ്ട്ര ഡോക്ക്യുമെന്ററി ആർഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിലെ മത്സര വിഭാഗത്തിലേക്ക് ഗൗരി ഛദ്ദയുടെ ഡോക്ക്യുമെന്ററി ഗവാഹ് തെരഞ്ഞെടുക്കപ്പെട്ടു. 1947 ഇന്ത്യാ - പാക്ക് വിഭജനം മുതൽ 2008 ലെ മുംബൈ തീവ്രവാദ ആക്രമണത്തിനും 2011ലെ സ്ഫോടനപരമ്പരയിലും ഇരയായവരുടെ അനാഥകളാണ് ഗവാഹ് പറയുന്നത്. തിരുവനന്തപുരത്ത് ഏഴു മുതൽ നടക്കാനിരിക്കുന്ന ഫെസ്റ്റിവലിൽ 11നു ഗവാഹ് പ്രദർശിപ്പിക്കുക. 10 ദിവസം കൊണ്ട് യഥാർഥ സ്ഥലങ്ങളിലാണ് ഗവാഹ് ചിത്രീകരിച്ചിരിക്കുന്നത്. നിരവധി ചലച്ചിത്ര മേളകളിൽ ഗവാഹ് പ്രദർശിപ്പിച്ചിട്ടുണ്ട്.

ഇന്ന് ലോക പരിസ്ഥിതി ദിനം

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്താനും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ട കർമ്മ പദ്ധതി ആസൂത്രണംചെയ്തു നടപ്പാക്കുന്നതിനുമായി എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതിദിനമായി നാം ആചരിച്ചു വരുന്നു. ചിന്തിക്കുക, ഭക്ഷിക്കുക, പാഴാക്കാതിരിക്കുക എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതിദിന സന്ദേശം.

KERALA

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്

ലോക പരിസ്ഥിതി ദിനാചരണം 2013

ജൂൺ 5, ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.30 മണി

സ്ഥലം: കനകക്കുന്ന് കൊട്ടാരം തിരുവനന്തപുരം

ഉദ്ഘാടനം

ശ്രീ. ഉമ്മൻചാണ്ടി

ബഹു. മുഖ്യമന്ത്രി

അദ്ധ്യക്ഷൻ

ശ്രീ. സി.എൻ. ബാലകൃഷ്ണൻ

ബഹു. സഹകരണം- ഖാദി, ഗ്രാമ വ്യവസായം മലിനീകരണ നിയന്ത്രണം വകുപ്പ് മന്ത്രി

ഡയറക്ടറി പ്രകാശനം

ശ്രീ. കെ.മുരളീധരൻ

ബഹു എം.എൽ.എ.